**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 925** | **02-02-2026 - ൽ മറുപടിയ്ക്ക്**

**അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടികവർഗ വകുപ്പ് മുഖേന നടപ്പാക്കിയ പദ്ധതികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എച്ച്. സലാം** | | **ശ്രീ ഒ . ആർ. കേളു<br>(പട്ടിക ജാതി, പട്ടിക വർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമ വകുപ്പ് മന്ത്രി)** | |
| (എ) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ നിലവിലെ സർക്കാരിന്റെ കാലത്ത് പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയെന്നും ഓരോ പദ്ധതിക്കും അനുവദിച്ച തുക എത്രയെന്നും വിശദമാക്കാമോ; | (എ) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നിലവിലെ സർക്കാരിന്റെ കാലത്ത് പട്ടികവർഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികൾ, അനുവദിച്ച തുകയുടെ വിവരങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു (പട്ടിക താഴെ) |

| ക്രമ നം. | പദ്ധതിയുടെ പേര് | അനുവദിച്ച തുക |
|---|---|---|
| 1 | ഭവന പുനരുദ്ധാരണ പദ്ധതി | 2050000 |
| 2 | ചികിത്സാധനസഹായ പദ്ധതി | 53782 |
| 3 | ജനനീ ജൻമരക്ഷ പദ്ധതി | 324000 |
| 4 | വിവാഹധനസഹായ പദ്ധതി | 60000 |

അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നിന്നും ആമയിട ശാന്തമംഗലം തോപ്പിൽ ഉന്നതിയെ ഉൾപ്പെടുത്തിയിട്ടുണ്ട്.

ജൂൺ മുതൽ സെപ്റ്റംബർ വരെയുള്ള കാലയളവിൽ ഭക്ഷ്യധാന്യ കിറ്റ് വിതരണം ചെയ്യുന്നുണ്ട്. 60 വയസ്സ് കഴിഞ്ഞ പട്ടികവർഗ്ഗക്കാർക്ക് ഓണ സമ്മാനമായി 1000/- രൂപ വീതം വിതരണം ചെയ്യുന്നു.

കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി ഭൂമി പിച്ച് കെട്ട് നിർമ്മാണം, ടോയ് ലെറ്റ് നിർമ്മാണം, തൊഴിൽ ഉപകരണങ്ങൾ വാങ്ങുന്നതിനുള്ള ധന സഹായം വിദ്യാർത്ഥികൾക്ക് പ്രാരംഭ ചെലവുകൾക്കുള്ള ധനസഹായം എന്നിവ അനുവദിച്ച് നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ബി) | അമ്പലപ്പുഴ നിയോജകമണ്ഡലത്തിൽ പട്ടികവർഗ വികസന വകുപ്പ് മുഖേന ഭരണാനുമതി നൽകിയിട്ടുള്ള പദ്ധതികളുടെ തൽസ്ഥിതി അറിയിക്കുമോ? | (ബി) | അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി പ്രകാരം 2022-23 സാമ്പത്തിക വർഷം അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ നിന്നും ആമയിട ശാന്തമംഗലം തോപ്പിൽ ഉന്നതിയെ ഉൾപ്പെടുത്തിയിട്ടുണ്ട്. ടി ഉന്നതിയുടെ ഡി.പി.ആർ ന് |

| | | | |
|---|---|---|---|
| | | | ഭരണാനുമതി ലഭ്യമായിട്ടുണ്ട്. ഏജൻസിയുമായി എം.ഒ.യു. ഒപ്പ് വയ്ക്കുന്നതിനുള്ള തുടർ നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ